# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

**<u>2020 മാർച്ച് 31, വൈകുന്നേരം 4.00 മണി</u>**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 7 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, അതിൽ തിരുവനന്തപുരം കാസർഗോഡ് ജില്ലകളിൽ നിന്നും 2 പേർക്ക് വീതവും കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നിന്ന് ഒരാൾക്ക് വീതവും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. തിരുവനന്തപുരം ജില്ലയിൽ ചികിത്സയിലായിരുന്ന ഒരാൾ ഇന്ന് നിര്യാതനായി. ചികിത്സയിലായിരുന്ന 4 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. രോഗം സ്ഥിരീകരിച്ച 215 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 203 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 163129 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 162471 പേർ വീടുകളിലും 658 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 7485 സാമ്പിളുകൾ പരിശോധിച്ചതിൽ 6381 സാമ്പിളുകൾ നെഗറ്റീവ് ആണ്. ലാബുകളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥരുമായും ഡി എസ് ഒ മാരുമായും ഇന്ന് വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. ലാബുകൾ കൂടുതൽ ടെസ്റ്റുകൾ ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് സാമ്പിൾ ടെസ്റ്റുകളുടെ കാര്യത്തിൽ നല്ല പുരോഗതി ഉണ്ട്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്തിലാകമാനം 697244 കേസുകളും 33257 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 1251 കേസുകളും 32 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. കാസർഗോഡും കണ്ണൂരും ആണ് കൂടുതൽ ആൾക്കാർ ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ജർമ്മനി യൂറോപ്യൻ യൂണിയൻ എന്നിവിടങ്ങളിൽ നിന്ന് കേരളത്തിൽ എത്തിയ 182 വിനോദസഞ്ചാരികളെ തിരുവനന്തപുരത്തുള്ള മെഡിക്കൽ ടീം പരിശോധിക്കുകയും അവരെ അവരുടെ രാജ്യങ്ങളിലേക്ക് പോകുവാൻ അനുവദിക്കുകയും ചെയ്തു. ഇവരെ പ്രത്യേക വിമാനത്തിൽ അവരുടെ രാജ്യങ്ങളിലേക്ക് എത്തിക്കും. ലാബുകൾ തിരിച്ച് എത്ര ടെസ്റ്റുകൾ നടത്താൻ സാധിക്കും എന്നും അദ്ദേഹം വിവരിച്ചു. കാസർഗോഡ് ജില്ലയിലെ സെൻട്രൽ യൂണിവേഴ്സിറ്റിക്ക് ഐ സി എം ആർ ന്റെ അംഗീകാരം ലഭിച്ചതായും ഇന്ന് മുതൽ കാസർഗോഡ് ജില്ലയിലെ സാമ്പിളുകൾ അവിടേക്ക് അയക്കാൻ സാധിക്കും. അതുവഴി കാസർഗോഡ് ജില്ലയിൽ പരിശോധനാഫലം വേഗത്തിൽ കിട്ടുവാൻ സാധിക്കുകയും ചെയ്തു. പുതുതായി വരുന്ന

കേസുകളുടെ സാമ്പിളുകൾക്ക് മുൻഗണന നൽകണം എന്ന് ലാബുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 14 പി സി ആർ മെഷീനുകൾ ലഭ്യമാണ്. ഇവ ഇപ്പോൾ അനുമതി ലഭിച്ച ലാബുകളിലേക്ക് മാറ്റുകയാണെങ്കിൽ ഐ സി എം ആർ ന്റെ അനുമതി വേണ്ടി വരില്ല. അതുവഴി കൂടുതൽ ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാകും. ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള ടെസ്റ്റ് കിറ്റുകൾ ഐ സി എം ആർ വഴി സർക്കാർ മുഖേനയുമാണ് ലഭിക്കുന്നത്. ആവശ്യമായ ടെസ്റ്റ് കിറ്റുകൾക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്. ഇത് അടുത്ത 7 ദിവസത്തിനുള്ളിൽ ലഭ്യമാകും. 2 സ്വകാര്യ ലാബുകൾക്ക് ഐ സി എം ആർ ന്റെ ആദ്യ അംഗീകാരം ലഭിച്ചിട്ടുണ്ട്. അവിടെ കൺട്രോൾ ടെസ്റ്റ് ചെയ്ത് അതിന്റെ ഫലം ഐ സി എം ആർ അംഗീകരിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ മാത്രമേ ഈ സ്വകാര്യ ലാബുകൾക്ക് പൂർണമായും ടെസ്റ്റ് ചെയ്യാനുള്ള അംഗീകാരം ലഭിക്കുകയുള്ളൂ. കാസർഗോഡ് ജില്ലയ്ക്കായി ഒരു പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പോസിറ്റീവ് കേസുകളുടെ പ്രൈമറി, സെക്കന്ററി കോണ്ടാക്റ്റുകൾക്ക് ഏതേലും തരത്തിലുള്ള രോഗലക്ഷണങ്ങൾ ഉണ്ടോ എന്നതിന്റെ ഒരു പഠനം നടത്തി അവരുടെ സാമ്പിളുകൾ ടെസ്റ്റിങ്ങിനായി അയയ്ക്കാവുന്നതാണ്. കൂടാതെ അവിടെയുള്ള ആൾക്കാർക്ക് പനി, ചുമ മുതലായ രോഗലക്ഷണങ്ങളോടെ ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇതിന്റെ പരിശോധന ചെയ്യുന്നതിനായും ഉള്ള മാർഗ്ഗരേഖകളാണ്. കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രി ആക്കുന്നതിനായി 7 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. വൈദ്യുതി വകുപ്പ് സെക്രട്ടറിയുമായി ചർച്ച നടത്തിയിട്ടുണ്ട്. വരുന്ന 5 ദിവസത്തിനുള്ളിൽ 280 കിടക്കയുള്ള കോവിഡ് ആശുപത്രിയായി മാറ്റാൻ സാധിക്കുന്നതാണ്. അവിടെ 20 ഐ സി യു കിടക്കകളും സജ്ജമാക്കാൻ സാധിക്കുന്നതാണ്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

സമൂഹ വ്യാപനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായുള്ള സർവ്വേയുടെ പ്രോപ്പോസൽ നൽകിയിട്ടുണ്ട്. ഇത് സംസ്ഥാന ഔട്ട് ബ്രേക്ക് കൺട്രോൾ ആന്റ് പ്രിവന്റീവ് സെല്ലിൽ അവതരിപ്പിച്ച് ഇത് സമൂഹത്തിൽ എങ്ങിനെയാണ് നടത്തേണ്ടത് എന്ന് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. ടെസ്റ്റ് കിറ്റുകൾ കിട്ടികഴിഞ്ഞാലുടൻതന്നെ സർവ്വേ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്താവുന്നതാണ്. ടെസ്റ്റ് കിറ്റ് കിട്ടുന്നതിനായി ഏകദേശം ഒരാഴ്ചത്തെ സമയമെങ്കിലും വേണ്ടിവരും അതിനുള്ളിൽ തന്നെ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്തേണ്ടതാണ്. സെൻട്രൽ യൂണിവേഴ്സിറ്റിക്ക് ഐ സി എം ആർ അംഗീകാരം ലഭിച്ചു. അവിടെ 20 സാമ്പിളുകൾ ടെസ്റ്റ് ചെയ്യാൻ സാധിക്കും എന്നാണ് അറിവായിട്ടുള്ളത്. ഇത് 100 ആയി വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് സെൻട്രൽ യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്. കൂടാതെ ഐ ഐ എസ് ഇ ആർ നോട് ടെസ്റ്റ് ആരംഭിക്കുന്നതിന് ഹ്യൂമൺ റിസോഴ്സ് മിനിസ്ട്രി ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ഐ സി എം ആർ ന്റെ അംഗീകാരത്തിനായി കത്ത് നൽകിയിട്ടുണ്ട്. ആർ ജി സി ബി ൽ ഇപ്പോഴത്തെ അവസ്ഥയിൽ 3 മെഷീനുകൾ ഉപയോഗിച്ച് 500 ടെസ്റ്റുകളാണ് ചെയ്യാൻ സാധിക്കുന്നത്. എന്നാൽ അവർക്ക് അധികമായി 4 മെഷീനുകൾ കൂടി ഉണ്ടെന്ന് അവ കൂടി പ്രയോജനപ്പെടുത്തി ഒന്നിലേറെ ഷിഫ്റ്റുകൾ ആക്കി 3000 ടെസ്റ്റുകൾ വരെ നടത്താൻ സാധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്പോൾ അധികമായി അംഗീകാരം ലഭിച്ച സർക്കാർ മേഖലയിലുള്ള ലാബുകളിൽ നിന്നും ഒരാഴ്ചയ്ക്കകം പ്രതിദിനം

5000 ടെസ്റ്റുകൾ വരെ ചെയ്യുവാൻ സാധിക്കും. ഇപ്പോൾ ശരാശരി 500 ടെസ്റ്റുകളാണ് ദിനം പ്രതി ചെയ്യേണ്ടി വരുന്നത്. പുതുതായി ആരംഭിക്കുന്ന ലാബുകൾ കൂടി പ്രവർത്തിക്കാൻ തുടങ്ങുന്നതോടെ ടെസ്റ്റുകളുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെകുറെ ഭദ്രമാകും.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം

37000 ടൺ ധാന്യം /പയറുവർഗ്ഗങ്ങൾ എന്നീ ആവശ്യകതയാണ് ഇപ്പോൾ അറിയിച്ചിട്ടുള്ളത്. ഇത് ഹൈദ്രാബാദിൽ നിന്നും ട്രെയിൻ മാർഗ്ഗം എത്തിക്കാമെന്ന് അറിയിപ്പ് കിട്ടിയിട്ടുണ്ട്. ഇത് കിട്ടികഴിഞ്ഞാൽ സംസ്ഥാനത്ത് പയറുവർഗ്ഗങ്ങൾ സ്റ്റോക്ക് വർദ്ധനവ് ഉണ്ടാകും.

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

വ്യക്തി സുരക്ഷാ ഉപകരണങ്ങളുടെ കാര്യത്തിലും എൻ 95 മാസ്കുകളുടെ കാര്യത്തിലും ആശങ്ക ഉള്ളത്. അടുത്ത 8 ദിവസത്തേക്ക് ആവശ്യമായ സ്റ്റോക്ക് ഉണ്ട്. സപ്ലൈ വന്നുകൊണ്ടിരിക്കുന്നു. കൂടാതെ ഓർഡർ നൽകിയിട്ടും ഉണ്ട്. വ്യക്തി സുരക്ഷാ ഉപകരണങ്ങൾ ദിവസേന ശരാശരി 2500 മുതൽ 3000 വരെ ഉപയോഗിക്കുന്നുണ്ട്. ഇപ്പോൾ ദിവസേന 4000 ത്തോളം സ്റ്റോക്കുകൾ സംഭരിക്കുന്നുണ്ട്. എന്നാൽ കേസുകൾ കൂടി വന്നാൽ ഇത് പോരാതെ വരും 10 ലക്ഷം പി പി ഇ കിറ്റുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 5.87 ലക്ഷം കിറ്റ് വന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ കൈയ്യിൽ 24700 ഓളം കിറ്റുകൾ ഉണ്ട്. എച്ച് എൽ എൽ മുഖാന്തിരവും കിറ്റുകൾ സംഭരിക്കുന്നതിനായുള്ള ഓർഡറുകൾ നൽകിയിട്ടുണ്ട്. നമുക്ക് തന്നെ ഗ്ലോബൽ ടെൻണ്ടർ വിളിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നതിനായി ചീഫ് സെക്രട്ടറിയോട് ചർച്ച ചെയ്തിരുന്നു. എൻ 95 മാസ്കുകൾ 78000 ത്തോളം ശേഖരത്തിലുണ്ട്. ഇത് ശരാശരി 2000 മുതൽ 2200 വരെ ഉപയോഗിക്കുന്നു. നേരത്തെ ആശുപത്രികളിൽ എല്ലാവരും തന്നെ എൻ 95 മാസ്കുകളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ രോഗികളുമായി അടുത്തിടപഴകുന്നവർക്ക് മാത്രം വ്യക്തി സുരക്ഷാ ഉപകരണങ്ങൾ, എൻ 95 മാസ്കുകളും ഉപയോഗിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്ററൈൽ ഗ്ലൗസ്, ട്രിപ്പിൾ ലെയർ മാസ്ക് എന്നിവ ആവശ്യത്തിന് ശേഖരത്തിലുണ്ട്. കൂടാതെ ട്രിപ്പിൾ ലെയർ മാസ്കുകൾ ഒരു കോടി ഓർഡർ നൽകിയിട്ടുണ്ട്. അടുത്ത ആഴ്ചയോടെ 30 ലക്ഷം ട്രിപ്പിൾ ലെയർ മാസ്ക് ലഭിക്കും. സാനിറ്റൈസറും ആവശ്യത്തിന് സ്റ്റോക്ക് ഉണ്ട്. 410 വെന്റിലേറ്ററുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. വെന്റിലേറ്ററുകൾക്ക് പകരമായി സ്റ്റെപ്പ് ഡൗൺ വെന്റിലേറ്ററുകൾ ഉപയോഗിക്കുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്.

## ഐ ടി സെക്രട്ടറി

സ്റ്റെപ്പ് ഡൗൺ വെന്റിലേറ്ററുകളുടെ കാര്യത്തിൽ വിദഗ്ദ്ധ സമിതി ചില സംശയങ്ങൾ പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഏതെങ്കിലും ഒരു സന്ദർഭത്തിൽ ആവശ്യം വരും എന്നതിനാൽ അവയുടെ ഉൽപാദനം തുടരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വെന്റിലേറ്റർ ഫോർ ഇന്ത്യ എന്ന ഒരു സംഘടനയാണ് ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് വേണ്ടി വെന്റിലേറ്ററുകളുടെ ഉൽപാദനത്തിനായി പ്രവർത്തിക്കുന്നത്. എന്നാൽ മൈസൂരിലുള്ള ഒരു കമ്പനി വെന്റി

ലേറ്ററുകൾ നിർമ്മിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചില കമ്പനികൾ വെന്റിലേറ്ററുകളുടെ നിർമ്മാണത്തിനായി ശ്രമിക്കുന്നുണ്ട്. ഇവർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഐ ഐ റ്റി കാൺപൂർ ഒരു ഡിസൈൻ നിർമ്മിച്ചിട്ടുണ്ട്. വി എസ് എസ് സി യുമായി ആലോചിച്ച് വെന്റിലേറ്ററുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടക്കുന്നുണ്ട്.

വെന്റിലേറ്ററുകൾ 3 തരത്തിലാണ് ഉള്ളത് എന്ന് ഇൻവേസീവ്, നോൺ ഇൻവേസീവ്, ഹൈഫ്ളോ എന്നിങ്ങനെയാണ്. ഇതിനെകുറിച്ചുള്ള ഒരു റിപ്പോർട്ട് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. അതിന്റെ ഒരു പകർപ്പ് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകുന്നതാണ് എന്ന് വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ അറിയിച്ചു. കൂടാതെ അക്യൂട്ട് റെസ്പിറേറ്ററി ഡിസ്ട്രസ് സിൻഡ്രോം ഉള്ള രോഗി കൾക്കാണ് വെന്റിലേറ്ററുകൾ ഉപയോഗിക്കുന്നത്. ഇത് ട്യൂബ് ഇട്ടാണ് ചെയ്യുന്നത്. എന്നാൽ സ്റ്റെപ്ഡൗൺ വെന്റിലേറ്ററുകൾ ട്യൂബ് ഇടാത്തതാണ്. ട്യൂബ് ഇടാത്തവ ഉപ യോഗിക്കുമ്പോൾ എയ്റോസോൾ സ്പ്രെഡ് വരും ഇത് ആരോഗ്യ പ്രവർത്തകർക്ക് രോഗം പകരുന്നതിന് കാരണമാകും. അതുകൊണ്ട് ഇവയുടെ ഉപയോഗം കുറയ്ക്കുന്ന താവും ഉത്തമം എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇവ പ്രയോജനപ്പെടും. അതുകൊണ്ട് 70% ഇൻവേസിവ് വെന്റിലേറ്റർ വാങ്ങുന്നതിനും 30% നോൺ ഇൻവേസിവ് വെന്റിലേറ്ററുകൾ വാങ്ങുന്നതാവും ഉചിതം എന്നാണ് വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകിയിട്ടുള്ളത് എന്ന് വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ അറിയിച്ചു.

80 ശതമാനം രോഗികൾക്കും വെന്റിലേറ്ററുകളുടെ ആവശ്യകത വരാറില്ല എന്നാണ് സൂചിപ്പിക്കുന്നത്. 15 ശതമാനത്തിനു ഓക്സിജൻ നൽകുന്നതിന് മാസ്ക് മുഖാന്തിരമോ കാനുല മുഖാന്തിരമോ ഓക്സിജൻ നൽകാവുന്നതാണ്. ബാക്കി വരുന്ന 5 ശതമാന ത്തിന് മാത്രമാണ് വെന്റിലേറ്ററുകൾ ആവശ്യമായി വരുന്നത് എന്ന് പഠനങ്ങൾ സൂചിപ്പി ക്കുന്നത് എന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. അതുകൊണ്ട് തന്നെ സ്റ്റെപ് ഡൗൺ വെന്റിലേറ്ററുകൾ പ്രയോജനകരമാണ്. എന്നാൽ വിദഗ്ദ്ധരുമാ യുള്ള ചർച്ചക്ക് ശേഷം മാത്രമേ ഒരു തീരുമാനം എടുക്കുകയുള്ളൂ.

റാപ്പിഡ് ടെസ്റ്റുകളുടെ കാര്യത്തിൽ തീരുമാനമെന്തെങ്കിലും ആയോ എന്ന മുഖ്യമന്ത്രി യുടെ ചോദ്യത്തിന് മറുപടിയായി റാപ്പിഡ് ടെസ്റ്റുകളുടെ മാർഗ്ഗരേഖ തയ്യാറാക്കിയ തായും ഇത് കോവിഡ് സെല്ലുമായി ചർച്ച ചെയ്തതിനുശേഷം കൂടുതൽ തീരുമാനം എടുക്കാമെന്നും വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ അറിയിച്ചു. കൂടാതെ മോൾബയോ എന്ന ഇന്ത്യൻ കമ്പനി 45 മിനിറ്റിനുള്ളിൽ പരിശോധനാഫലം ലഭിക്കുന്ന ഒരു ടെസ്റ്റ് രൂപീകരിച്ചതായും ഇത് ഒരു പോയിന്റ് ഓഫ് കെയർ ടെസ്റ്റാണെന്ന് ഇത് ചെയ്യുന്നതിനായി ഒരു ലാബിന്റെ ആവശ്യം ഇല്ല. ഇത് രോഗിയുടെ അടുത്ത് വച്ച് തന്നെ ചെയ്യാവുന്നതാണ്. ഇത് അവർ ഐ സി എം ആർ ന്റെ അംഗീകാരത്തിനായി നൽകിയി ട്ടുണ്ട്. ജി എക്സപേർട്ട് - അബോട്ട് എന്നീ അമേരിക്കൻ കമ്പനി 5 മിനിറ്റിനുള്ളിൽ പരി ശോധനാ ഫലം ലഭിക്കുന്ന ടെസ്റ്റ് ചെയ്യുന്നുണ്ട്. ജീൻ എക്സ്പേർട്ട് എന്ന കമ്പനിയുടെ ഒരു ശാഖ ഡൽഹിയിൽ പ്രവർത്തിക്കുന്നുണ്ട്. അവർ വഴി ഇത് ഇന്ത്യയിലേക്ക് കൊണ്ടു വരാൻ പറ്റുമോ എന്ന് ശ്രമിക്കുന്നുണ്ട്. കൂടാതെ അബോട്ട് എന്ന കമ്പനിയുടെ അമേരി ക്കയിലുള്ള ഉദ്യോഗസ്ഥനുമായി ബന്ധപ്പെടാൻ ശ്രമിച്ചിരുന്നു. എന്നാൽ അമേരിക്കയിൽ

രോഗികളുടെ എണ്ണം വളരെ ഏറെ വർദ്ധിച്ചിരിക്കുന്നത് കൊണ്ട് അമേരിക്കൻ സാങ്കേതിക വിദ്യകൾ മറ്റ് രാജ്യങ്ങൾക്ക് കൊടുക്കേണ്ടതില്ലെന്ന് അമേരിക്കൻ പ്രസിഡന്റ് തീരുമാനിച്ചിട്ടുണ്ട് എന്നും വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ അറിയിച്ചു.

25000 റാപ്പിഡ് ടെസ്റ്റ് കിറ്റുകൾക്ക് ഓർഡർ നൽകിയിരുന്നു. കൂടാതെ 2 ലക്ഷം കിറ്റുകൾക്ക് കൂടി ഓർഡർ നൽകിയിട്ടുണ്ടെന്നും ഇതിനുള്ള അഡ്വാൻസ് നൽകിയിട്ടുണ്ടെന്നും ഇത് സിംഗപൂരിൽ നിന്ന് 6 - 8 ദിവസത്തിനുള്ളിൽ എത്തും എന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി അവരുടെ പരമാവധി പരിശോധനാ ശേഷി ഉപയോഗിക്കത്തക്ക വിധത്തിൽ പരിശോധനകൾ ക്രമീകരിക്കണം. പരിശോധനയുടെ വേഗത വർദ്ധിപ്പിക്കാനാകണം.**(ചുമതല –ആരോഗ്യ വകുപ്പ്, ആർ ജി സി ബി റ്റി)**.
2. റേഷൻ വിതരണം നാളെ തുടങ്ങുകയാണ്. ചിലർ റേഷൻ കാർഡ് വാങ്ങി സാധനങ്ങൾ വീട്ടിലെത്തിക്കാമെന്ന് പറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ ആവശ്യമില്ല. അംഗീകൃത വോളണ്ടിയർമാർ മാത്രം ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ മതി. **(ചുമതല – ഭക്ഷ്യസുരക്ഷ വകുപ്പ്)**.
3. ക്ഷേമ പെൻഷനുകൾ നൽകുന്നതിൽ നിന്ന് ബാങ്കുകൾ കടങ്ങൾ പിടിക്കാൻ പാടുള്ളതല്ല **(ചുമതല – ധനകാര്യവകുപ്പ്)**.
4. ചില ആശുപത്രികളിൽ രോഗികൾ ആരോഗ്യ പ്രവർത്തകരെ പുച്ഛിക്കുന്ന അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ട് അത്തരം രോഗികൾക്ക് പ്രത്യേകം കൗൺസിലിംഗ് നൽകേണ്ടതാണ്. **(ചുമതല – ആരോഗ്യ വകുപ്പ്)**.
5. കൃഷിവകുപ്പ് വിത്തുകൾ വീടുകളിൽ എത്തിക്കാനുള്ള നടപടി എത്രയും പെട്ടന്ന് സ്വീകരിക്കേണ്ടതാണ്. **(ചുമതല – കൃഷിവകുപ്പ്)**.
6. കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം നൽകുന്നത് കുടുംബങ്ങൾ പട്ടിണിയാകാതിരിക്കാനാണ്. ഇതിന്റെ മാനദണ്ഡങ്ങൾ കൃത്യമായി അറിയിച്ചിട്ടുണ്ട്. 20 രൂപക്ക് ഭക്ഷണം നൽകുന്ന ഹോട്ടലുകൾ തുടങ്ങിയിട്ടുണ്ട്. അവ 10 % ഭക്ഷണം സൗജന്യമായാണ് നൽകുന്നത്. ഇവ രണ്ടുമുള്ള സ്ഥലങ്ങളിൽ ഇരട്ടിപ്പ് വരാതിരിക്കാൻ ശ്രദ്ധിക്കണം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ഭക്ഷ്യ സുരക്ഷ വകുപ്പ്)**
7. തിരുവനന്തപുരത്ത് രോഗം സ്ഥിരീകരിച്ച വ്യക്തി രോഗലക്ഷണം തുടങ്ങി കുറച്ച് ദിവസങ്ങൾകഴിഞ്ഞാണ് മെഡിക്കൽകോളേജിൽ എത്തിയത്. ഇതിനു മുൻപ് പല തവണ പി.എച്ച്.സി. കളിൽ പോയിട്ടും രോഗപരിശോധനക്ക് റഫർ ചെയ്തിട്ടില്ല എന്ന് ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് ഗൗരവമായി കണ്ട് പരിശോധിച്ച് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. **(ചുമതല – ആരോഗ്യവകുപ്പ്)**.
8. വില വർദ്ധിപ്പിക്കുന്നവർക്കെതിരെ ഫലപ്രദമായ നടപടി എടുക്കണം. വിജിലൻസ് ഈ കാര്യങ്ങളിൽ ഇടപെടണം **(ചുമതല –ഭക്ഷ്യസുരക്ഷാ വകുപ്പ്, ആഭ്യന്തര വകുപ്പ്)**.

9. ദുരിതാശ്വാസനിധിയിലേക്ക് മെഡിക്കൽ കൗൺസിൽ 3 കോടി, ഏഷ്യൻ പെയിന്റ്സ് 50 ലക്ഷം, ശ്രീ ആസാദ് മൂപ്പൻ 2.5 കോടി എന്നിങ്ങനെ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല ശ്രീ ആസാദ് മൂപ്പൻ അദ്ദേഹത്തിന്റെ പല ആശുപത്രികളിലായി 750 കിടക്കകൾ വിട്ടുനൽകാമെന്നും അറിയിച്ചിട്ടുണ്ട്. നിരീക്ഷണത്തിലുള്ളവരെ ഹോട്ടലുകളിൽ താമസിപ്പിച്ചാൽ അടുത്തുള്ള ഡോക്ടർമാരെ അവരുടെ പരിശോധനക്കായി ഉപയോഗിക്കാമെന്ന് അദ്ദേഹത്തിന്റെ അഭിപ്രായം നല്ലതാണ്.
10. മലേഷ്യ, നിസാമുദ്ദീൻ എന്നിവിടങ്ങളിൽ നടന്ന മതസമ്മേളനങ്ങളിൽ പങ്കെടുത്തവർക്ക് രോഗം സ്ഥിതീകരിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഇതിൽ പങ്കെടുത്ത മലയാളികളെ കണ്ടെത്തി നിരീക്ഷണത്തിൽ ഉൾപ്പെടുത്തണം. **(ചുമതല – ആഭ്യന്തരവകുപ്പ്, ആരോഗ്യ വകുപ്പ്).**
11. റബർ കർഷകർക്ക് ഏപ്രിൽ മാസത്തിൽ സബ്സിഡി നൽകണം **(ചുമതല – ധനകാര്യവകുപ്പ്).**
12. ഏപ്രിൽ ഒന്നിനു തെറ്റായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി എടുക്കണം. **(ചുമതല - ആഭ്യന്തരവകുപ്പ്)**
13. ഭാരതത്തിൽ പല സംസ്ഥാനങ്ങളിൽ ഉള്ള മലയാളി നഴ്സുമാർ ഭീതിയോടെ വിളിക്കുന്നുണ്ട്. ഇവരുടെ ആശങ്ക കേന്ദ്രത്തിൽ അറിയിക്കണം. **(ചുമതല - പ്രവാസി കാര്യ വകുപ്പ്)**
14. ക്ഷീരകർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. **(ചുമതല- ക്ഷീരവികസന വകുപ്പ്)**
15. യു.പി. യിൽ ജനങ്ങളുടെ പുറത്ത് രാസ ലായനി തളിച്ച് ശുദ്ധീകരണം നടത്തിയത് കേരളത്തിൽ മുൻപ് ചെയ്ത പോലെയാണെന്ന് അപവാദപ്രചരണം നടക്കുന്നുണ്ട്. കേരളത്തിൽ ഒരു സ്ഥലത്ത് ഇതു ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ ഇതു തടഞ്ഞിട്ടുണ്ട്.
16. അതിഥി തൊഴിലാളികളുടെ കാര്യങ്ങൾ നല്ല രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ അസംപ്തൃപ്തി എപ്പോൾ വേണമെങ്കിലും വർദ്ധിക്കാം. അവരുടെ ക്യാംബുകളിൽ രജിസ്റ്ററുകൾ സൂക്ഷിക്കണം. അവിടത്തെ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഹോം ഗാർഡുകളെ ചുമതലപ്പെടുത്താം. അതിഥി തൊഴിലാളികളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഐ.ജി ക്രൈംസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർക്കുള്ള കാർഡുകൾ പോലീസ് നൽകും. ലേബർ വകുപ്പും ഇവരുടെ കാര്യം ശ്രദ്ധിക്കണം. **(ചുമതല - ആഭ്യന്തരവകുപ്പ്, ലേബർ വകുപ്പ്)**
17. പണിയ, കാട്ടുനായ്ക്കർ വിഭാഗങ്ങളിൽ ഉള്ളവർക്ക് ഭക്ഷണവും മറ്റും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. **(ചുമതല - എസ്സ് സി എസ്സ് റ്റി വകുപ്പ്)**
18. കോഴിതീറ്റ, കാലിതീറ്റ, പന്നി ഫാമുകളിലെ ഭക്ഷണം എന്നി പ്രശ്നങ്ങൾ പരിഹരിക്കണം. **(ചുമതല - മൃഗസംരക്ഷണ വകുപ്പ്)**
19. കേരളത്തിൽ എല്ലായിടത്തും സാധനങ്ങളുടെ പ്രത്യേകിച്ച് പാചകവാതകത്തിന്റെ ലഭ്യത ഉറപ്പാക്കണം. **(ചുമതല - ഭക്ഷ്യസുരക്ഷ വകുപ്പ്)**
20. പാലക്കാട് അതിർത്തിയിൽ കൂടുതൽ രോഗം സ്ഥിരീകരിച്ചതിനാൽ തമിഴ്നാട് റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. അവിടെ നിന്ന് വരുന്ന വാഹനങ്ങൾ പരിശോധനയില്ലാതെ കടത്തിവിടരുത്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
21. നിരത്തുകളിൽ തിരക്ക് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
22. ഡൽഹി ഷാഹിൻബാഗ് സമരത്തിൽ പങ്കെടുത്ത ആനമല ഭാഗത്തുള്ള തമിഴ്നാട്ടുകാർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഈ സമരത്തിൽ കേരളത്തിൽ നിന്ന് ആരെ

ങ്കിലും പങ്കെടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**

23. വയനാട്ടിൽ ഇനി നിരീക്ഷണത്തിൽ ആൾക്കാരെ പാർപ്പിക്കാൻ ബുദ്ധിമുട്ടാണെന്ന് ജില്ലാ ഭരണകൂടം അറിയിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ അവരെ കോഴിക്കോട്ടേയ്ക്ക് മാറ്റണം. **(ചുമതല - ജില്ലാ കളക്ടർ)**
24. ഇതര ജില്ലാന്തര യാത്രകൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
25. ഓൺലൈനായി കൗൺസിലിംങ് നടത്താൻ സാമൂഹിക നീതി വകുപ്പ് ജില്ലാ കോഓർഡിനേറ്റർമാരേയും സൈക്കോളജിസ്റ്റുമാരെയും, കൗൺസലിംഗ് സൈക്കോളജിസ്റ്റുമാരെയും ഉപയോഗപ്പെടുത്തണം. **(ചുമതല - സാമൂഹ്യ സുരക്ഷാ വകുപ്പ്, ആരോഗ്യവകുപ്പ്)**
26. വാഹനത്തിൽ സാധനം കൊണ്ടു വരുന്നവർ ആവശ്യമായ സുരക്ഷ നിയമങ്ങൾ പാലിക്കണം. അവർ നിരീക്ഷണത്തിൽ പോകേണ്ട ആവശ്യമില്ല. **(ചുമതല - ആഭ്യന്തര വകുപ്പ്, പൊതുഭരണ വകുപ്പ്)**

യോഗം വൈകിട്ട് 5.00 മണിക്ക് അവസാനിച്ചു.

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
12. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
13. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
14. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
16. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
17. സെക്രട്ടറി, ധനകാര്യം
18. സെക്രട്ടറി, ഊർജ്ജ വകുപ്പ്
19. സെക്രട്ടറി, ടൂറിസം വകുപ്പ്
20. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
21. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
22. മുഖ്യമന്ത്രിയുടെ സെക്രട്ടറി
23. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
24. ഡി ജി ഇ, തിരുവനന്തപുരം
25. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
26. മറ്റുള്ളവർ